


*ഒരിക്കൽ ഈ ചക്രം തിരിച്ചുകൊണ്ട് ഗ്രാമങ്ങൾക്കു ശാന്തിയും സമൃദ്ധിയുമാണ് ഗാന്ധിജി നേർന്നത്. പക്ഷേ, നാമതേഹത്തിന്റെ ഹൃദയം മുറിച്ചു. ആ മുറിവ് ഇന്നും ഉണങ്ങിയിട്ടില്ല*

# ഇന്ത്യയുടെ ഭാവി

**ഇതുവരെ സഞ്ചരിച്ച വഴിക്കാണ് ഇനിയും യാത്രയെങ്കിൽ ഇന്ത്യയിലെ മഹാസമൂഹത്തിനു പ്രതീക്ഷിക്കാൻ വലുതായൊന്നുമില്ല**

## ഡോ: കെ. ഭാസ്ക്കരൻനായർ

*ഭാവിയെക്കുറിച്ചൊരു സ്വപ്നം—പണ്ഡിററ്ജി. നാമതേഹത്തിന്റെ സ്വപ്നങ്ങളെ വിസ്മരിക്കുകയാണോ?*

**ഇ**ന്ത്യയിൽ ഇപ്പോൾ, അതായത് 1977 മദ്ധ്യത്തിൽ, നിലവിൽ വന്നിരിക്കുന്ന സാമൂഹികമായ അന്തരീക്ഷം അത്യന്തം രസകരമാണ്. അമേരിക്കൻ പത്രലേഖകന്മാരുടെ ശൈലിയിൽ പറഞ്ഞാൽ, ഒരു മധുവിധുവിന്റെ മാനസികാവസ്ഥയാണിത്. രാഷ്ട്രീയ കാര്യങ്ങളിൽ ഇന്നുവരെ യാതൊരു താത്പര്യവും പ്രദർശിപ്പിച്ചിട്ടില്ലാത്ത ആളുകൾപോലും തികഞ്ഞ രാഷ്ട്രീയക്കാരായി മാറിയിരിക്കുന്നു. ശുഭപ്രതീക്ഷയും പ്രസാദാത്മകത്വവും എവിടെയും തിരയടിക്കുന്നു. ഒരു രണ്ടാം സ്വാതന്ത്ര്യസമരമാണ് അടുത്ത കാലത്ത് ഇന്ത്യയിൽ നടന്നതെന്നും അതു വിജയശ്രീലാളിതമായിരിക്കുന്നു എന്നും വലിയ വലിയ നേതാക്കന്മാർ തന്നെ പ്രഖ്യാപിച്ചിരിക്കുകയാണ്. അടിയന്തരാവസ്ഥകൊണ്ട് അങ്ങേയററം മുതലെടുത്തവർ പോലും അതിനെ പുച്ഛിക്കുന്നു. അതിനിടയ്ക്കു നടന്ന കൊള്ളരുതായ്മകളുടെയും ക്രൂരതകളുടെയും കെടുതികളെക്കുറിച്ചുള്ള വിവരണങ്ങൾ മാത്രമേ പത്രങ്ങളിൽ വായിക്കാനുള്ളു. ഇംഗ്ലീഷിലും ഇന്ത്യൻ ഭാഷകളിലും അവയെക്കുറിച്ചെഴുതിയ പുസ്തകങ്ങളുടെ പ്രളയവും തുടങ്ങിയിട്ടുണ്ട്. ആ ദുഷ്കാലങ്ങളെല്ലാം എന്നെന്നേയ്ക്കുമായി മറഞ്ഞു കഴിഞ്ഞു എന്നും ഇനി ഈ രാജ്യത്തു തേനും പാലും ഒഴുകും എന്നുമുള്ള പ്രതീതിയാണ് ജനിച്ചിരിക്കുന്നത്.



നല്ലതുതന്നെ. ഈ പ്രത്യാശകൾ സഫലീകൃതമാകട്ടെ എന്നു മാത്രമേ രാജ്യസ്നേഹമുള്ളവർ പ്രാർത്ഥിക്കുകയുള്ളു. പക്ഷേ, ഭാവനയിൽക്കാണുന്ന ആ സൗഭാഗ്യങ്ങൾ അനുഭവിക്കാൻ പോകുന്നത് ഇന്നുള്ളവരല്ല. ഇന്ന് ഈ വാഗ്ദാനങ്ങളും ശുഭപ്രതീക്ഷകളും നല്കുന്നവർ അവയുടെ സഫലീകരണത്തിന്റെ കാലം വരുമ്പോൾ അരങ്ങത്ത് ഉണ്ടായിരിക്കുകയുമില്ല. അതാണ് പരമ സങ്കടം! ആരോടും നേരിട്ടു നന്ദിപറയുവാൻ സാധിക്കുകയില്ല. മറിച്ചാണ് അനുഭവമെങ്കിൽ, ആരുടെയും മുഖത്തുനോക്കി 1977—ൽ പറഞ്ഞതുപോലെയൊന്നുമല്ലല്ലൊ സംഭവിച്ചിരിക്കുന്നത് എന്നു ചോദിക്കുവാനും പററുകയില്ല. ഇന്ന് ജവാഹർലാൽ നെഹറു ജീവിച്ചിരുന്നു എങ്കിൽ, അദ്ദേഹം താലോലിച്ചു വളർത്തിയ രാഷ്ട്രീയകക്ഷിയുടേയും അവരുടെ ഭരണത്തിന്റേയും ഗതി മുപ്പതു വർഷം കൊണ്ട് ഇങ്ങനെ ആയത് എന്തുകൊണ്ടാണെന്ന് ചോദിക്കാമായിരുന്നു. തനിക്ക് അടിസ്ഥാനപരമായ പല കാര്യങ്ങളിലും തെററുപററി എന്നും 'നോട്ടക്കുറവ്' വന്നു എന്നും സ്വഭാവശുദ്ധിയുള്ള അദ്ദേഹം തീർച്ചയായും സമ്മതിക്കുമായിരുന്നു എന്നും ഞാൻ വിശ്വസിക്കുന്നു.

നിർഭാഗ്യവശാൽ മനുഷ്യന് ഭാവിയെക്കുറിച്ച് മുൻകൂട്ടി അറിയുവാൻ ജ്യോതിഷ

Digitized by Kerala Sahitya Akademi

# ഇന്ത്യയുടെ ഭാവി

(13–ാം പേജിൽനിന്നു തുടർച്ച)

അമേരിക്കൻ ഐക്യനാടുകൾ, ഭൂമിയിലെ വിഭവസമ്പത്തിൽ 50–60 ശതമാനം, ഇരുപതു കോടി മാത്രമുള്ള സ്വജനങ്ങൾക്കുവേണ്ടി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ഇന്നത്തെ ജീവിതനിലവാരത്തിലേയ്ക്കു പിൻകിട രാജ്യക്കാർക്ക് ഒരു കാലത്തും ഉയരുവാൻ സാധിക്കുകയില്ല. ഈ വ്യവസായ രാഷ്ട്രങ്ങൾ ആയുധത്തിന്റെ ശക്തികൊണ്ടല്ലെങ്കിൽ പണത്തിന്റെ മിടുക്കുകൊണ്ടു ലോകത്തെ കീഴടക്കി ഐശ്വര്യം അനുഭവിക്കുന്നതിൽ അന്യ ജനങ്ങൾക്ക് അടക്കുവാൻ കഴിയാത്ത അമർഷമുണ്ട്. ഒരു പുതിയ ലോക സമ്പദ്‌വ്യവസ്ഥയ്ക്കുവേണ്ടി അവരുടെ പ്രതിനിധികൾ സർവരാജ്യ സമ്മേളനങ്ങളിൽ ബഹളം കൂട്ടുന്നത് സർവസാധാരണമായിരിക്കുന്നു.

പക്ഷേ, എന്തൊക്കെ സംഭവിച്ചാലും ലോക ജനസംഖ്യയിൽ ആറു കോടിപോലും ഇല്ലാത്ത ഈ ന്യൂനപക്ഷം അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഉൽകൃഷ്ടപദവിയും ജീവിത സുഖങ്ങളും ഒരു കാലത്തും കൈവിടുകയില്ല. കമ്യൂണിസത്തിന്റെ കൊടിക്കീഴിലാണെങ്കിലും റഷ്യയുടെ പോക്കും ആ വഴിക്കുതന്നെയാണ്. അവക്ക് അതി വിശാലമായ ഭൂമിയുമുണ്ട്. ജനപ്പെരുപ്പം തീരെയില്ല. അവശന്മാർക്കും അടിച്ചമർത്തപ്പെട്ടവർക്കും ദരിദ്രന്മാർക്കും വേണ്ടി വാശിയോടെ വാദിക്കാറുണ്ടെങ്കിലും റഷ്യയും തങ്ങളുടെ ജനങ്ങളിൽ മാത്രമേ താത്പര്യമുള്ളു. അവരുടെ ഉൽക്കർഷം ഉറപ്പിക്കുന്നതിനുവേണ്ടി അന്യ ജനങ്ങൾ കഷ്ടതയനുഭവിക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിൽ അവർക്കു വിസമ്മതമുണ്ടെന്നു തോന്നുന്നില്ല. 1972–ൽ കൃഷിപ്പിഴയുണ്ടായപ്പോൾ മുഖ്യമായും കന്നുകാലികളെ തീററിപ്പോററുന്നതിനുവേണ്ടി വൻതോതിൽ ഭക്ഷ്യധാന്യം വാങ്ങുവാൻ റഷ്യക്കാർ അമേരിക്കയെ സമീപിച്ചു. ഇതുതന്നെ തരമെന്നു കണ്ട് അമേരിക്കൻ മുതലാളിമാർ ധാന്യവില ഇരട്ടിയാക്കി. അതോടെയാണ് അമേരിക്കയിൽനിന്ന് ന്യായ വിലയ്ക്കു ധാന്യം വാങ്ങി വിശപ്പടക്കിയിരുന്ന പിൻകിട രാജ്യക്കാരെല്ലാം കഷ്ടത്തിലായത്. അവർക്കു റഷ്യൻ നടപടിയുടെ ഫലമായുണ്ടായ ഇരട്ടിവില കൊടുക്കുവാൻ നിവൃത്തിയില്ലാതെ വന്നു. ഇങ്ങനെ നോക്കിയാൽ ഈ വൻപിച്ച രാജ്യങ്ങളെയൊന്നും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് മാതൃകയാക്കുവാൻ നമുക്കു സാധ്യമല്ലെന്നു കാണാം.

## മാവോവിന്റെ പുതിയ മതം

പിന്നെ ശേഷിക്കുന്ന ഒരു വലിയ രാജ്യം ചൈനയാണ്. അവിടെ എൺപതോതൊണ്ണൂറോ കോടി ജനങ്ങളുണ്ടെന്നാണ് അനുമാനിക്കപ്പെടുന്നത്. ഇവരെ ഉദ്ധരിക്കുന്നതിനുവേണ്ടി മാവോ സേ തുങ്ങ് സ്വീകരിച്ച മാർഗ്ഗത്തെ സമസ്ത ലോകവും ശ്ലാഘിക്കുകയുണ്ടായി. പ്രത്യയശാസ്ത്രപരമായി രൂക്ഷമായ വിരോധം ഉണ്ടായിരുന്നവർക്കുപോലും അതിന്റെ നേട്ടങ്ങളെ നിഷേധിക്കുവാൻ സാധിച്ചില്ല. അതേക്കുറിച്ചുള്ള റിപ്പോർട്ടുകൾ കണ്ട് വിനോബാഭാവെപോലും ആവേശഭരിതനായതോർക്കുന്നു. ''സോവിയററ് കമ്യൂണിസം പ്രയോഗരീതിയെ സ്പർശിക്കുന്നതും അർത്ഥശാസ്ത്രപരവും ആണെങ്കിൽ, മാവോസിദ്ധാന്തം മനുഷ്യന്റെ ചിന്തയേയും ജീവിതചര്യയേയും മുൻനിർത്തിയുള്ള ധാർമ്മികമായ സോഷ്യലിസമാണ്. അന്യർക്കുവേണ്ടിയുള്ള നിസ്വാർത്ഥ യത്നത്തിലും സാമൂഹിക നീതിക്കായുള്ള പ്രചോദനത്തിലും മിതസ്വഭാവവും ലളിതവുമായ ഒരു ജീവിതരീതിയെ ഉയർത്തിക്കാണിക്കുന്നതിലും കട പുഴകിപ്പോയ ഗ്രാമീണ ജീവിതത്തെ പുനഃസ്ഥാപിക്കുന്നതിലും ഭിന്ന നിലകളിലുള്ള സമുദായഘടകങ്ങളെ കൂട്ടിക്കലർത്തുന്നതിലുമാണ് ചൈനയിലെ ജനകീയ റിപ്പബ്ളിക്കു ദൃഷ്ടിയുറപ്പിച്ചിരിക്കുന്നത്'' എന്ന് 1973–ൽ



ഒരാദർശം, ഒരു രാജഗുരു. മാവോയ്ക്കു സമർപ്പിച്ചുകൊണ്ടു വളരുന്ന ചൈനയുടെ പുതിയ തലമുറ

വത്തിക്കാനിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന വർത്തമാനപത്രം പ്രശംസിച്ചു.

പാശ്ചാത്യ രാഷ്ട്രങ്ങളും അടുത്ത് അയൽപക്കത്തു കിടക്കുന്ന ജപ്പാനും സ്വീകരിച്ച ഉദ്ധാരണ മാർഗ്ഗങ്ങളെ നിരാകരിക്കുകയാണ് മാവോ ചെയ്തത്. അവയെപ്പോലെ ശാസ്ത്രത്തിന്റെയും 'പ്രതിനവ ഭിന്നവിചിത്ര'മായ ടെക്നോളജിയുടെയും ആകർഷണവലയത്തിൽ അകപ്പെട്ട്, അവയെ ഒരു പുതിയ മതത്തിന്റെ നിലയിലേയ്ക്കുയർത്തി, പ്രകൃതിയെ കീഴടക്കി, ലോകത്തെ കൊള്ളയടിച്ച്, വ്യവസായവിഷങ്ങൾകൊണ്ട് മഹാസമുദ്രങ്ങളെപ്പോലും മലിനമാക്കി, അനന്തമായ പുരോഗതി എന്ന മരീചികയെ അനുധാവനം ചെയ്യാനല്ല അദ്ദേഹം ശ്രമിച്ചതെന്നു കാണുന്നു. നേരെമറിച്ച്, മനുഷ്യരാശിയിൽ അഞ്ചിലൊരംശം വരുന്ന സ്വജനങ്ങളെ അമരാവതിയുടെ ചമയങ്ങൾക്കും അമിതഭോഗത്തിനും വേണ്ടിയുള്ള പരക്കംപാച്ചിലിൽ നിന്നു പിൻതിരിപ്പിച്ച്, സാമാന്യസുഖങ്ങൾകൊണ്ടു സംതൃപ്തരായി മനശ്ശാന്തിയനുഭവിച്ച് സമൂഹത്തിന്റെ സുസ്ഥിതിക്കും ശ്രേയസ്സിനും വേണ്ടി നിസ്സ്വാർത്ഥമായി പ്രയത്നിക്കുവാൻ പ്രേരിപ്പിക്കുകയാണത്രെ അദ്ദേഹം ചെയ്തത്. ഈ മഹായത്നം ഇരുപത്തഞ്ചുവർഷംകൊണ്ട് അത്യദ്ഭുതകരമായ ഫലം ഉളവാക്കിയെന്നും പറയുന്നു. അതിന്റെ വിജയം കണ്ട്, കമ്യൂണിസത്തെപ്പററി ഒരു നല്ലവാക്കു പറയാത്ത അമേരിക്കൻ നിരീക്ഷകന്മാർപോലും അമ്പരന്നുപോയി.

പക്ഷേ, ഇപ്പോൾ കേൾക്കുന്നത് മവോയുടെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ





Digitized by Kerala Sahitya Akademi

നയവും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു"എന്നാണ്. അവിടെയും കാററ് മാറിവീശിത്തുടങ്ങിയിരിക്കുന്നവത്രെ. അമേരിക്കയിൽ നിന്ന് ഒരു ഇന്ത്യൻ പത്രലേഖകൻ അയച്ച റിപ്പോർട്ടിലാണ് ഈ മാററത്തെപ്പററി ആദ്യം വായിച്ചത്. 'ലളിതവും ആർഭാടരഹിതവുമായ ഒരു സമുദായത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യം ചൈന കൈവെടിഞ്ഞിരിക്കുന്നു. റഷ്യയിൽ ക്രുഷ്ചേവ് ആദ്യമായി പ്രഖ്യാപിച്ച ലക്ഷ്യംതന്നെ ചൈനയിലെ പുതിയ ഭരണകൂടവും അംഗീകരിച്ചിരിക്കുന്നതായിട്ടാണ് കാണുന്നത്—അമേരിക്കയുടെ ഒപ്പം എത്തുക എന്ന ലക്ഷ്യം. അടുത്ത നൂററാണ്ടിന്റെ ആരംഭകാലത്ത് ഇതു സാധിക്കണമെന്നാണ് അവരുടെ ഉദ്ദേശം. മാവോയുടെ നീതിസാരപ്രസ്താവനകൾ ഇപ്പോഴും ഉദ്ധരിക്കാറുണ്ട്. പക്ഷേ, അദ്ദേഹം ധർമ്മച്യുതിയായി കരുതുമായിരുന്ന നയങ്ങളെ നീതീകരിക്കുന്നതിനുവേണ്ടി അവയ്ക്ക് പുനർവ്യാഖ്യാനങ്ങൾ നല്കപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഈ പുതിയ നയം നടപ്പാക്കുന്നതിനു വിദേശത്തുനിന്ന് ഏററവും നവീനമായ സാങ്കേതിക വിദ്യകൾ ഇറക്കുമതി ചെയ്യണം. അതിന്റെ ഭാരിച്ച ചെലവുകൾ നികത്തുന്നതിനു കല്ക്കരിയുടെയും ഖനിയെണ്ണയുടെയും കയററുമതി വൻതോതിൽ വർദ്ധിപ്പിക്കണമെന്നു ചൈന ആഗ്രഹിക്കുന്നു.'' അങ്ങനെ എൺപതു കോടി ജനങ്ങളെ ഭോഗലിപ്സയിൽനിന്നു പിൻതിരിപ്പിക്കുവാൻ വേണ്ടി കാൽനൂററാണ്ടുകാലമായി നടന്ന ആ ഗംഭീര പരീക്ഷണവും അവസാനിച്ചു എന്നു പറയാം.

ഇത് ഏതാനും ഭരണാധികാരികളുടെ മനസ്സിലുദിച്ച സ്വകാര്യ പരിപാടിയാണെന്നു തോന്നുന്നില്ല. ഒരു നല്ല വിഭാഗം ജനങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങി സ്വീകരിക്കേണ്ടിവന്ന നയമായിരിക്കാം. അഥവാ ജനസഞ്ചയത്തിന്റെ ദൗർബല്യം മനസ്സിലാക്കി അവരെ പ്രലോഭിപ്പിച്ചു ഹിതാനുവർത്തികളാക്കി, സ്വന്തം സ്ഥാനങ്ങൾ ഉറപ്പിക്കുവാനുള്ള അടവായിരിക്കാം. ഏതായാലും ഇതിൽനിന്നെല്ലാം ഇന്ത്യയ്ക്കു വിലയേറിയ പാഠങ്ങൾ പഠിക്കുവാനുണ്ട്. അവ നമ്മുടെ ഭാവിക്കു നിദർശനങ്ങളുമാകുന്നു.

### ഉപദേശവും ഉരുക്കുമുഷ്ടിയും

ഏററവും പ്രധാനമായ പാഠം ത്യാഗബുദ്ധിക്കു മനുഷ്യസമുദായത്തിൽ വേരുറപ്പു കിട്ടുകയില്ല എന്നുള്ളതാണ്. ഉപദേശം കൊണ്ടോ ഉരുക്കുമുഷ്ടികൊണ്ടോ അതു കുറച്ചുകാലത്തേയ്ക്കു സ്വീകരിപ്പിക്കാം. ചിരപരിചയം കൊണ്ട് ഈ രണ്ടുപായങ്ങളുടെയും നിയന്ത്രണത്തെ അതിലംഘിക്കുവാൻ സമുദായം ശക്തി നേടുന്നു. അമിതഭോഗത്തിനുള്ള അത്യാഗ്രഹം അത്ര വലിയ ഒരു ശാപമാണ്. ലോകചരിത്രം ഈ പ്രതിഭാസത്തിന്റെ ഒരു ചിത്രശാലയാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ''ത്യക്തേന ഭുഞ്ജീഥാ'' എന്നാണല്ലൊ പണ്ടേയ്ക്കുപണ്ടേ ഈശാവാസ്യം ഉപദേശിച്ചത്. പക്ഷേ, അതിനെ ജീവിതാദർശമായി സ്വീകരിച്ച ഒരു മനുഷ്യസമുദായം ഭാരതഭൂമിയിൽ ഉണ്ടായില്ല. എന്നല്ല, ആ ഉപദേശത്തെ ജനിപ്പിച്ച സംസ്കാരംതന്നെ ദുരാഗ്രഹത്തിന്റെയും അസഹിഷ്ണുതയുടെയും പരദ്രോഹത്തിന്റെയും വിളനിലമായിത്തീർന്നു. ഇന്നുപോലും പൂർണ്ണമായി കഴുകിക്കളയുവാൻ കഴിഞ്ഞിട്ടില്ലാത്ത കളങ്കത്താൽ നമ്മുടെ രാഷ്ട്രശരീരത്തെ പങ്കിലമാക്കി. ഇതുകണ്ടു വിവശനായ ശ്രീബുദ്ധൻ ഏദയാനുഭൂതികളോടൊപ്പം ബുദ്ധിവൈഭവത്തെയും ഉപദേശത്തിനുള്ള ഉപകരണമാക്കി ഭാരതീയ സമുദായത്തെ നന്മയിലേയ്ക്കു നയിച്ച് സംതൃപ്തമാക്കു






Digitized by Kerala Sahitya Akademi

വാൻ ശ്രമിച്ചു. പിന്നത്തെ ഏതാനും നൂററാണ്ടുകാലങ്ങളിൽ അദ്ദേഹത്തിന്റെ സന്ദേശം ഏഷ്യാ ഭൂഖണ്ഡം മുഴുവനും വ്യാപിച്ചെങ്കിലും ഭിക്ഷുസംഘങ്ങൾക്കല്ലാതെ മററാർക്കും അതുമൂലം ശാപമോചനം ലഭിച്ചില്ല. കാലക്രമേണ ആ സംഘങ്ങളും ലോകമോഹങ്ങൾക്ക് ഇരയായിത്തീർന്ന് അധഃപതിച്ചു. ക്രിസ്തുവിന്റെ മഹത്തായ ഉപദേശങ്ങളുടെ ചരിത്രവും ഇതിൽനിന്നു ഭിന്നമല്ല. യൂറോപ്പിലുണ്ടായ ഇരുണ്ട യുഗത്തിന്റെ കഥകൾ കുപ്രസിദ്ധമാണ്. അത് അവസാനിച്ചതിനു ശേഷവും ആ ദിവ്യോപദേശങ്ങളുടെ ആജ്ഞാകരന്മാരായിട്ടാണല്ലൊ പാശ്ചാത്യ രാഷ്ട്രങ്ങൾ കടലുകൾ കടന്നുപോയി അന്യജനങ്ങളെ കൊള്ളചെയ്ത് ഉൽക്കർഷം നേടിയത്.

ഈ അടുത്ത കാലത്ത്, കഴിഞ്ഞ തലമുറയിൽ, ഗാന്ധിമാർഗ്ഗത്തിനും മേല്പറഞ്ഞ ദുർഗ്ഗതി വന്നുകൂടി. ആ മഹാപുരുഷനു തന്റെ ആദർശങ്ങളെ സ്വന്തം ശിഷ്യഗണങ്ങൾ തന്നെ ചവിട്ടിമെതിക്കുന്നതു കാണുവാനുള്ള കഷ്ടകാലവും ഉണ്ടായി. എന്തുമാത്രം ഹൃദയവേദനയോടുകൂടിയായിരിക്കണം അദ്ദേഹം മരിച്ചതെന്ന് ആലോചിക്കുമ്പോൾ ആരാണ് കരഞ്ഞുപോകാത്തത്? എല്ലാം അസമത്വങ്ങളേയും ദുരാഗ്രഹങ്ങളേയും അവസാപ്പിനിക്കുവാൻ അററ കൈയായി പ്രയോഗിച്ച കമ്മ്യൂണിസത്തിന്റെ പരാജയവും നാം കണ്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ലോകമോഹങ്ങളിൽ നിന്നുളവാകുന്ന പരദ്രോഹപാതകത്തെ എന്നെന്നേക്കുമായി ഇല്ലാതാക്കുന്നതിനുവേണ്ടി അധികാരഖഡ്ഗം പ്രയോഗിച്ച്, രക്തംകൊണ്ടുള്ള അവഭൃതസ്നാനം; നടത്തി സമുദായത്തെ ശുദ്ധി ചെയ്യുന്നതിനുള്ള ആ ഉദ്യമം ആദ്യം റഷ്യയിലും ഇപ്പോഴിതാ ചൈനയിലും പരാജയപ്പെട്ടിരിക്കുന്നു. അവരെ ആവേശംകൊള്ളിക്കുന്ന 'ഏററവും പുതിയ ടെക്നോളജി' എന്ന സങ്കല്പത്തിന്റെ അർത്ഥം ഏററവും വലിയ ദുരാഗ്രഹം എന്നാണ്. സ്റ്റാലിന്റെ ദണ്ഡനമുറകൾകൊണ്ടോ, മാവോയുടെ സൂക്തജപം കൊണ്ടോ അടക്കിനിർത്തിയിരുന്ന ലോകമോഹങ്ങൾ അവരുടെ കാലശേഷം അണക്കെട്ടു പൊട്ടിച്ചിരിക്കുകയാണ്.







Props: K. UMMER & SONS (A - Division)
P. B. No. 61 TELLICHERRY - 670 101

With the best compliments of

**Premier Tyres Limited**

*Technical Collaborators :*
UNIROYAL INTERNATIONAL U. S. A.

*Factory :*
KALAMASSERY, Kerala

*Head Office at :*
Merchant Chamber
41, Sir Vithaldas Thackersey Marg
BOMBAY-400 020

*Sales Offices at :*
Bombay - Madras - Bangalore - Hyderabad
Calcutta - Delhi - Cochin - Ahmedabad
Jullunder - Jaipur - Gauhati - Lucknow
Indore - Patna & Poona


Digitized by Kerala Sahitya Akademi

ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഇന്ത്യയുടെ ഭാവിയെക്കുറിച്ച് ചിന്തിച്ചുനോക്കിയാൽ ഭയത്തിനു മാത്രമേ വഴി കാണുന്നുള്ളു. ഗാന്ധിജി തന്റെ പർണശാലയിൽ വെച്ചു പ്രാർത്ഥനയോടെ കൊളുത്തിത്തന്ന ഓടലെണ്ണവിളക്ക് അദ്ദേഹം കണ്ടു നില്ക്കുമ്പോൾതന്നെ ഊതിക്കെടുത്തി, ആ പുണ്യാത്മാവിനെ വെടിവെച്ചുകൊന്നു്, ലോഭമോഹങ്ങളെ പിൻതുടർന്നു്, ''അമേരിക്കയുടെ ഒപ്പമെത്തുവാൻ'' നിശ്ചയിച്ച ഭാരതീയ സമുദായത്തിനു് എങ്ങനെയാണ് ശാന്തിയും സംതൃപ്തിയും ലഭിക്കുന്നത്? ഇപ്പോൾ ജയപ്രകാശും മൊറാർജിയും സമ്പൂർണ്ണ വിപ്ലവം കൈവരുത്താൻ ശ്രമിക്കുകയാണ്. അതു നടന്നാൽത്തന്നെയും ഫലം, ഈ രാജ്യത്തും അന്യരാജ്യങ്ങളിലും ഇതുവരെ കണ്ടതിൽനിന്നു് ഭിന്നമായിരിക്കുമെന്നു് ആര്ക്കു പറയാം? കുതിച്ചുകയറുന്ന ഈ ജനപ്രളയത്തിൽ സാമൂഹികമായ അസ്വസ്ഥതകൾ വർദ്ധിക്കുകയല്ലാതെ കുറയുമെന്നു കരുതുന്നതു ബാലിശമാണ്. 'മധുവിധു'വിന്റെ മാദകലഹരിയിൽ അങ്ങനെ തോന്നിയേക്കാം. പക്ഷേ, ദൈനംദിന ജീവിതത്തിന്റെയും മനുഷ്യസ്വഭാവത്തിന്റേയും യാഥാർത്ഥ്യങ്ങളിലേയ്ക്കു് ഇറങ്ങിവരേണ്ട സമയം വരും.

ഇപ്പോൾത്തന്നെ അതിന്റെ ലക്ഷണങ്ങൾ അല്പാല്പമായി കണ്ടുതുടങ്ങിയിട്ടുണ്ട്. ഓരോ ദിവസം കഴിയുംതോറും നമ്മുടെ പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ സങ്കീർണ്ണമാകുമെന്നു തീർച്ചയാണ്. മറ്റൊരു രാജ്യത്തിനും ഇന്നുവരെ അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ലാത്ത പ്രയാസങ്ങളാണ് നമ്മെ നേരിടുവാൻ പോകുന്നത്. ഇവയിൽ ഏററവും ഭയങ്കരം നമ്മുടെ ജനപ്പെരുപ്പമാണ്. ഇന്ത്യയിലേക്കാൾ ഇരുപതു കോടി ജനങ്ങളെങ്കിലും കൂടുതലുള്ള ചൈനയ്ക്കുപോലും ജനപ്പെരുപ്പം ഒരു ഭീഷണിയല്ലാതായിരിക്കുന്നു. അല്ലെങ്കിൽത്തന്നെയും ആ രാജ്യത്തിനു് ഇന്ത്യയുടെ മൂന്നിരട്ടി ഭൂവിസ്തൃതിയുണ്ട്. ഏററവും സമർത്ഥമായി നടത്തിക്കൊണ്ടിരിക്കുന്ന കുടുംബാസൂത്രണപരിപാടിയുടെ തുടരെയുള്ള വിജയംമൂലം ഈ നൂററാണ്ടു് അവസാനിക്കുമ്പോൾ അവിടത്തെ ജനസംഖ്യ ഇന്ത്യയിലേതിനേക്കാൾ കുറവായിരിക്കുമെന്നു് അനേകം ശാസ്ത്രജ്ഞന്മാർ പ്രവചിക്കുന്നുണ്ട്. മാസംതോറും പത്തുലക്ഷത്തിൽപ്പരം ജനങ്ങളെയാണ് നമ്മുടെ രാജ്യത്തിന് അധികമായി പോററേണ്ടിയിരിക്കുന്നത്! ഒരു വർഷത്തെ വർദ്ധനവ് ഒന്നരക്കോടി! മനുഷ്യരുടെ


## കേരള ഫാർമസി

### അയോജൻ

**രക്തപുഷ്ടിക്കും രക്തശുദ്ധിക്കും വിശേഷപ്പെട്ട ടോണിക്കു്**

നെഞ്ചിടിപ്പ്, വിളർച്ച, കിതപ്പ്, തലചുററൽ, തളർച്ച മുതലായ രോഗങ്ങളെ മാററി ആരോഗ്യവും രക്തപ്രസാദവും നൽകുന്നു.

### മാതൃകൽപ്പം

**സൗന്ദര്യവും യൗവ്വനവും തുളുമ്പുന്ന മാതൃത്വം മാതാവിനു് പൂർണ്ണ ആരോഗ്യവും കുഞ്ഞിനു് സമൃദ്ധിയായ മുലപ്പാലും.**

പ്രസവാനന്തരമുണ്ടാകുന്ന ക്ഷീണം, രക്തക്കുറവ്, നെഞ്ചുവേദന, ദഹനക്കുറവ് തുടങ്ങിയ രോഗങ്ങളെ നിവാരണം ചെയ്യുന്നു.

നിർമ്മാതാക്കൾ:

**കേരള ഫാർമസി** ഹെഡ് ഓഫീസ്: ആലുവാ-683 101

ESTD 1945 Phone: 176 Gram: PENSEM

ശാഖകൾ: ഏലൂർ (ഉദ്യോഗമണ്ഡൽ), കളമശ്ശേരി, പറവൂർ, കൊരട്ടി, തൃപ്പൂണിത്തുറ, വൈക്കം, തലയോലപ്പറമ്പ്, പള്ളുരുത്തി, തുറവൂർ (ചേർത്തല).



**'നിർമ്മൽ'**

ഡിറററർജൻറ് അലക്കുപൊടി

1 കിലോഗ്രാം
8 രൂ. 83 പ. മാത്രം

**'നിർമ്മൽ'**

കൂടുതൽ വസ്ത്രങ്ങൾ കുറഞ്ഞ ചിലവിൽ അലക്കുവാൻ!

**SYNTHETIC DETERGENTS LTD.**
P. O. KANUL
CANNANORE - 670 562





## Best

**TYRE & RUBBER COMPANY**

സൈക്കിൾ ടയറുകൾ, ട്യൂബുകൾ, ഹവായി ചപ്പലുകൾ എന്നിവയുടെ നിർമ്മാതാക്കൾ

ശക്തിക്കും, മേന്മയ്ക്കും ഈടിന്നും മികച്ചവയിൽ ഒന്നാമത്തേത്

വർക്ക്സ്:
നെല്ലിക്കുഴി പോസ്റ്റ്
കോതമംഗലം
686 691
കേരള
ഫോൺ: ഫാക്ടറി: 292
റസി. : 436

ഓഫീസ്:
കൊട്ടക്കാട്ടുകര
ആലുവാ
683 101
കേരള
ഫോൺ: ഓഫീസ്: 286
റസി. : 478


Digitized by Kerala Sahitya Akademi

ഇടയ്ക്കുണ്ടാകുന്ന മററു പ്രയാസങ്ങളെ എങ്ങനെയെങ്കിലും കൈയൊഴിക്കാം. അവയെ വിട്ടിട്ടു ഭീരുക്കളായി ഓടിപ്പോകാം. ആത്മഹത്യയിലൂടെ മോചനം നേടാം. പക്ഷേ, സമുദായത്തിന്, ഈ അളവിലുണ്ടാകുന്ന ജനസഞ്ചയത്തെ കൊന്നൊടുക്കുവാൻ സാധ്യമല്ല. കശ്മലഹൃദയനായ ഹിററ്ലർക്കുപോലും ആറു വർഷംകൊണ്ട് അറുപതു ലക്ഷം യഹൂദരെ മാത്രമേ പുകച്ചുകൊല്ലുവാൻ കഴിഞ്ഞുള്ളു. ആററം ബോംബുകൾപ്പെടെയുള്ള ആയുധങ്ങൾ ഉപയോഗിച്ച രണ്ടാം ലോകമഹായുദ്ധത്തിൽ ആകെ മരിച്ചത് മൂന്നൂറു ലക്ഷം ജനങ്ങളാണത്രെ—വെറും രണ്ടു വർഷത്തെ ഇന്ത്യയിലെ ജനസംഖ്യാവർദ്ധനവിനു തുല്യം!

## നിവാരണമെവിടെ?

ഒരു വിപ്ലവം കൊണ്ടും ഈ വിപത്തിനെ നിവാരണം ചെയ്യുവാൻ സാധ്യമല്ല. രാഷ്ട്രതന്ത്രത്തിലോ അർത്ഥശാസ്ത്രത്തിലോ അതിനു പരിഹാരമില്ല. കുടുംബാസൂത്രണമാണ് അതിൽനിന്നുള്ള ഒരേ ഒരു രക്ഷാമാർഗ്ഗമായി എല്ലാ രാജ്യക്കാരും കരുതുന്നത്. നിർഭാഗ്യവശാൽ ആ പേര് ഉച്ചരിക്കുന്നതുപോലും ഇന്ത്യയിൽ ഇന്നു നിഷിദ്ധമായിത്തീർന്നിരിക്കുന്നു. ആരോഗ്യവകുപ്പുമന്ത്രിയും പ്രധാനമന്ത്രിയും എന്തെല്ലാം ഭാഷ്യങ്ങളും ഉറപ്പുകളും നല്കിയാലും, ഈ അത്യാവശ്യപരിപാടി മന്ദീഭവിക്കുമെന്നുള്ളതു തീർച്ചയാണ്. അതു ഗവമെൺടു മുൻകൈയെടുത്ത്, പണം കൊടുത്ത്, പ്രേരണ ചെലുത്തി പ്രചരിപ്പിക്കുന്ന [ഒരു സർക്കാർ പദ്ധതിയിൽനിന്ന്, ജനങ്ങൾ സ്വയം സ്വീകരിക്കുന്ന ഒരു ജീവിതമാർഗ്ഗമായും ആത്മനിയന്ത്രണമായും അചിരേണ രൂപാന്തരപ്പെടുമെന്നാണു ചിന്താശീലമുള്ളവർ പ്രത്യാശിച്ചത്. അതിനുള്ള സാധ്യത വിരളമായിരിക്കുകയാണ്. ഒരു നിയന്ത്രണവും പാടില്ല. എല്ലാവർക്കും എല്ലാകാര്യത്തിലും പരിപൂർണ്ണമായ സ്വാതന്ത്ര്യം വേണം എന്ന ആദർശം പ്രസംഗത്തിനു കൊള്ളാം. പക്ഷേ, സാമൂഹിക ജീവിതത്തിൽ, സ്വകാര്യ ജീവിതത്തിൽപ്പോലും, പാലിക്കുവാൻ സാധിക്കുന്നതല്ല. നമ്മെപ്പോലെ ദാരിദ്ര്യവും ജനപ്പെരുപ്പവും വറുതിയും കഷ്ടപ്പാടും അനുഭവപ്പെടാത്ത രാജ്യങ്ങളിൽപോലും, തനി ജനാധിപത്യ വ്യവസ്ഥിതിയിൽ, അതികഠിനമായ നിയന്ത്രണങ്ങൾ വന്നിരിക്കുകയാണ്. വ്യവസായശാലകളുടെ ചിമ്മിനിക്കുഴലുകൾ വഴി അന്തരീക്ഷത്തിലേയ്ക്കു് വിഷമയമായ പുക വിസർജ്ജിക്കുന്നതിനു മാത്രമല്ല, വഴിയിൽ തുപ്പുന്നതിനും സ്വന്തം മക്കളെ തല്ലുന്നതിനും ജനങ്ങളെ ശിക്ഷിക്കുന്ന ജനാധിപത്യ രാഷ്ട്രങ്ങളുണ്ട്. ഇന്നത്തെ ചുററുപാടുകളിൽ ഇതുപോലെയുള്ള നിയന്ത്രണങ്ങൾ ഇന്ത്യയിൽ ഏർപ്പെടുത്തുവാൻ ശ്രമിച്ചാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ആലോചിച്ചു നോക്കുക! നമ്മുടെ നഗരങ്ങളിൽ റോഡുകൾക്ക് ഇരുവശമുള്ള നടപ്പാതകൾ മുഴുവനും വഴിവാണിഭക്കാർ കൈവശപ്പെടുത്തിയിരിക്കുകയാണല്ലൊ. അവരെ പേടിച്ചു മാത്രമേ കാൽനടക്കാർക്ക് യാത്ര ചെയ്യുവാൻ നിവൃത്തിയുള്ളു. ഈ നിയമ ലംഘകരെ നീക്കുവാൻ ശ്രമിച്ചാൽ നഗരസഭകൾ അധികാര ഭ്രഷ്ടരാകും. അത് പട്ടണങ്ങളിലെ കഥ. അവിടെനിന്ന് ബഹുദൂരം അകന്നുകിടക്കുന്ന വനപ്രദേശങ്ങളിൽ നോക്കിയാലും നിരന്തരമായ കൈയേററമാണു കാണുന്നത്. ഏതു നിയമമുണ്ടാക്കിയാലും ആരു് ഭരണം നടത്തിയാലും ഭാവി പരമ്പരകളെ അപകടത്തിലാക്കുന്ന ഈ രാജ്യദ്രോഹം നിർത്തുവാൻ സാധിക്കുകയില്ല.

വ്യവസായ രാഷ്ട്രങ്ങളെപ്പോലെ നമ്മളും ''ഊർജ്ജ പ്രതിസന്ധി''യെപ്പററി ശബ്ദമുണ്ടാക്കുന്നുണ്ട്. പക്ഷേ, ഈ കോലാ


മലയാള സാഹിത്യത്തിൻെറ മഹത്തായ സമ്പത്ത്

**എസ്. കെ. പൊറെറക്കാട്ടിൻെറ ചെറുകഥകൾ**

ഓരോന്നും തൊള്ളായിരം പേജ്‌വീതം മൂന്നു വോള്യങ്ങൾ
ഓരോ വോള്യൂമിനും വില 35 ക.

**പ്രീപബ്ളിക്കേഷൻ പദ്ധതി**
**1977 സപ്തംബറിൽ ആരംഭിക്കുന്നു**

*പ്രീപബ്ളിക്കേഷൻ അടവ്* :

**മൂന്നു വോള്യൂമിനുംകൂടി മുൻകൂർ 75 ക. മാത്രം**
**തവണകളായി 85 ക. താഴെ പറയും പ്രകാരം:**

| | | |
|---|---|---|
| 1977 സപ്തംബർ 5–ാംനു | റജിസ്ട്രേഷൻ | 10 ക. |
| ,, ഒക്ടോബർ 5–ാംനു | | 15 ക. |
| ,, നവംബർ 5–ാംനു | | 15 ക. |
| ഒന്നാം വോള്യം പ്രസിദ്ധപ്പെടുത്തുന്നു. | | |
| ,, ഡിസമ്പർ 5–ാംനു | | 15 ക. |
| 1978 ജനുവരി 5–ാംനു | | 15 ക. |
| രണ്ടാം വോള്യം പ്രസിദ്ധപ്പെടുത്തുന്നു. | | |
| ,, ഫെബ്രുവരി 15–ാംനു | | 15 ക. |
| മൂന്നാം വോള്യം പ്രസിദ്ധപ്പെടുത്തുന്നു. | | |

*അപേക്ഷിക്കുക*: ജയ പബ്ലിക്കേഷൻസ്,
നവകേരളാ ബുക്ക്സ്റ്റാൾ
കോർപ്പറേഷൻ ബസ്സ്റ്റാൻഡ്
കോഴിക്കോട്



കഴിയും വേഗം
**മൂല വ്യാധിക്ക്**
വിശ്വസനീയമായ
**ഹഡൻസാ**
ലേപനം
ഉപയോഗിക്കുക
–ശസ്ത്രക്രിയ
ഒഴിവാക്കുക

നിങ്ങൾക്കു അസഹനീയമായ വേദനയുണ്ടോ? അത്യധികമായ ചൊറിച്ചിലുണ്ടോ? എരിച്ചിലും ചോരയൊലിക്കലുമുണ്ടോ? നല്ല ഫലപ്രദമായ ഒന്നു തിരഞ്ഞെടുക്കുവാൻ താമസിക്കരുത്. അലക്ഷ്യത നിങ്ങളെ കൂടുതൽ വിഷമിപ്പിക്കുകയും ശസ്ത്രക്രിയയ്ക്കിടയാക്കുകയും ചെയ്യും. ഉടനടി ആശ്വാസം കിട്ടുവാൻ ഹഡൻസാ ഉപയോഗിക്കുക. മൂലവ്യാധിക്കുള്ള ഈ ജർമ്മൻ ലേപനം 108 രാജ്യങ്ങളിൽ ഡാക്ടർമാർ ശുപാർശ ചെയ്തിട്ടുണ്ട്. ഹഡൻസാ നിങ്ങൾക്ക് വേഗം ആശ്വാസം തരുന്നു. വേദനയും ചൊറിച്ചിലും നിറുത്തുകയും രക്തചലനത്തെ നിലയ്ക്കു ക്രമീകരിക്കുകയും ചെയ്യുന്നു.

ഓർമ്മയിരിക്കട്ടെ! മൂലവ്യാധിക്കു യഥാസമയം ഹഡൻസാ ഉപയോഗിച്ചാൽ ശസ്ത്രക്രിയ ഒഴിവാക്കാമെന്ന്.

3827MAL



*വിവാഹസാരികൾക്ക്*

സാരി സെൻറർ

വലിയകട, **കൊല്ലം**


Digitized by Kerala Sahitya Akademi

ഘലങ്ങളെല്ലാം ഖനിയെണ്ണ, വിദ്യുച്ഛക്തി എന്നിവയുടെ ദുർഭിക്ഷത്തെയും വിലക്കയററത്തെയും മുൻനിർത്തിയുള്ളതാണ്. അടുപ്പിൽ തീ കത്തിക്കുവാനുപയോഗിക്കുന്ന വിറകിൻേറയും കരിയുടേയും ദുർഭിക്ഷത്തെപ്പററി ആരും പറയുന്നില്ല. അപ്പമില്ലെങ്കിൽ കേക്കുതിന്നട്ടെ എന്നു പറഞ്ഞ മാറീ ആൻെറാണെററിനെപ്പോലെ, 'വിറകില്ലെങ്കിൽ ഗ്യാസ് ഉപയോഗിക്കാം എന്നു പ്രതിവിധി കല്പിക്കുന്ന ശാസ്ത്രജ്ഞന്മാരുണ്ട്. ഹിമാലയ പ്രാന്തങ്ങളിലെ ഗ്രാമപ്രദേശങ്ങളിൽ സഞ്ചരിച്ച ഒരു നിരീക്ഷകൻ പറഞ്ഞത് ക്രിസ്തുവർഷം 2000—ൽ അവിടത്തെ ജനങ്ങൾക്കു ഭക്ഷ്യധാന്യം ലഭിച്ചേക്കുമെങ്കിലും അതു് വേവിച്ചു തിന്നുവാൻ വിറകു കിട്ടുകയില്ല എന്നാണ്. ഇതാണ് ഈ രാജ്യത്തെ ജനങ്ങളിൽ ഭൂരിപക്ഷത്തേയും അഭിമുഖീകരിക്കുന്ന ഊർജ്ജപ്രതിസന്ധി. എല്ലാ പ്രയാസങ്ങൾക്കും ഗവർമ്മെൻറിനെ ആശ്രയിക്കുന്ന ഇന്നത്തെ വ്യവസ്ഥിതിയിൽ, ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലെങ്കിലും റേഷൻസാധനങ്ങൾ അളന്നും തൂക്കിയും കൊടുത്താൽ പോരാ, തിന്നുവാൻ തക്കവണ്ണം പാകം ചെയ്തുകൊടുക്കണം എന്ന മുറവിളി ഉയരുവാൻ ഇനി അധികം കാലതാമസമില്ല. അതുകൊണ്ട് രാജ്യമാകെ സർക്കാർ അടുക്കളകളും അവയ്ക്ക് ഒരു പുതിയ ഭരണവകുപ്പും മന്ത്രികാര്യാലയവും സ്ഥാപിക്കേണ്ടിവരും.

## ഇരുണ്ട ഭാവി

ഇങ്ങനെ ഏതു വഴിക്കു നോക്കിയാലും ഇന്ത്യയുടെ ഭാവിയെപ്പററി അനല്പമായ ഉൽക്കണ്ഠയും വ്യാകുലതയും മാത്രമേ വകയുള്ളു. നാം എത്ര സമർത്ഥമായി കുടുംബാസൂത്രണം (രാജ് നാരായൺ ക്ഷമിക്കുമാറാകട്ടെ! —കുടുംബക്ഷേമ പ്രവർത്തനം) നടത്തിയാലും നമ്മുടെ ജനസംഖ്യ നൂറു കോടിയെങ്കിലും ആകുന്നതിനു മുമ്പ് വർദ്ധനവിൻെറ ആയം കാര്യമായി കുറയുകയില്ല. അതുകൊണ്ട് എത്രയും വേഗം ''അമേരിക്കയുടെ ഒപ്പം'' എത്തുവാനല്ല, ഇത്രയും ജനങ്ങൾക്കു സൈ്വരജീവിതവും സാമാന്യസുഖങ്ങളും നല്കുവാനുള്ള മഹായത്നമാണ് നാം ചെയ്യേണ്ടത്. ഗവർമ്മെൻറുകളുടെ ചുമതലയിൽ കടലാസ്സു പണം അച്ചടിച്ചിറക്കി, മുകളിൽ നിന്നു താഴോട്ടു നടത്തുന്ന തലതിരിഞ്ഞ ഇന്നത്തെ ഉദ്ധരണപ്രക്രിയ അവസാനിപ്പിക്കണം. ഈ വമ്പിച്ച ജനസമൂഹത്തെ കൂടുതൽ കൂടുതൽ ഉപഭോഗത്തിനും (സിനിമാവ്യവസായത്തിലും ആധുനിക സാഹിത്യത്തിലും കൂടി ലൈംഗിക ഭോഗത്തിനും തദ്വാരാ ജനപ്പെരുപ്പത്തിനും!). ആരുടെ കഴുത്തറുത്തെങ്കിലും ധനം നേടുവാനും പ്രേരിപ്പിക്കുന്ന മഹാസങ്കടത്തിൽനിന്ന് പിൻതിരിയുവാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന് ആലോചിക്കണം. ഈ വിഷയത്തിൽ ഗാന്ധിജിയേക്കാൾ അഭിമതനായ ഒരു ആചാര്യനെ നമുക്കു സങ്കല്പിക്കുവാൻ സാധ്യമല്ല. രാഷ്ട്രപിതാവെന്നു വിളിച്ചു പുഷ്പചക്രം സമർപ്പിച്ച്, ആ മഹാപുരുഷനെ ചരിത്രപേടകത്തിൽ കുഴിച്ചിടുന്നതിനുപകരം അദ്ദേഹത്തിൻെറ മാതൃകയെ ഒരു പരീക്ഷണത്തിൻെറ തോതിലെങ്കിലും സ്വീകരിച്ചുനോക്കാം. മനുഷ്യൻ ചന്ദ്രനിൽ ചെന്നെത്തിയ 'സാങ്കേതിക പുരോഗതിയുടേതായ' ഈ കാലഘട്ടത്തിലും അദ്ദേഹം പറഞ്ഞിട്ടുപോയ ഓരോ വാക്കിൻേറയും പിന്നാലെ അനുഭവൈകവേദ്യമായ അർത്ഥമഹത്വം ഓടിവരുന്നതായിട്ടാണ് ലോകം കാണുന്നത്. നമ്മുടെ ഭരണകൂടം മുപ്പതു വർഷക്കാലം അദ്ദേഹത്തിൻെറ ഉപദേശങ്ങളെയും ജീവിതമാതൃകയെയും അറിഞ്ഞുകൊണ്ടുതന്നെ അവഗണിച്ച്, പാശ്ചാത്യരാജ്യങ്ങളെ അനുകരിച്ച്, ജനങ്ങളുടെ പരിഗ്രഹതൃഷ്ണയെ വളർത്തി ഈ ദരിദ്ര രാജ്യത്തെ ഉദ്ധരിക്കുവാൻ ശ്രമിച്ചു. പക്ഷേ, ദുരാഗ്രഹത്തിലും ധൂർത്തിലും മദിക്കുന്ന ഒരു അസുര സമുദായത്തെയാണ് ഈ വികസന യത്നം സൃഷ്ടിച്ചത്. വെറും ചെട്ടിമിടുക്കു മാത്രം തഴയ്ക്കുകയും, അർത്ഥകാമന്മാരായ ഒരു ന്യൂനപക്ഷത്തിൻെറ ലോഭമോഹങ്ങളും സ്വാർത്ഥപൂർത്തിയും സാധിക്കുന്നതിനുള്ള സൗകര്യങ്ങൾ സംജാതമാവുകയും ചെയ്തു. അറുപതു കോടിയിൽ നാല്പതു കോടിയും നിരക്ഷരരായി ശേഷിക്കുന്നു. അത്രയുംതന്നെയോ, അതിൽ കൂടുതലോ, നിത്യദാരിദ്ര്യത്തിലും.

ഭരണാധികാരികളുടെ നോട്ടക്കുറവുകൊണ്ടോ ധർമ്മച്യുതികൊണ്ടോ, അഥവാ ജനങ്ങളുടെ കർമ്മദോഷംകൊണ്ടുതന്നെയോ, വന്നതായാലും ഈ സ്ഥിതിയിലാണ് ഇന്ത്യ ഇന്നു നില്ക്കുന്നത്. ഇതുവരെ സഞ്ചരിച്ച രീതിയിൽ തന്നെയാണ് നാം മുന്നോട്ടു പോകുന്നതെങ്കിൽ ഈ മഹാസമൂഹത്തിനു വർദ്ധമാനമായ ദുരിതാനുഭവങ്ങളല്ലാതെ മറെറാന്നും പ്രതീക്ഷിക്കുവാനില്ല. സംതൃപ്തിയും സമാധാനവും സൈ്വരജീവിതത്തിനുള്ള സാധ്യതകളും ഈ ഉപഭൂഖണ്ഡത്തിൽ നിന്ന് എന്നെന്നേയ്ക്കുമായി തിരോഭവിക്കുകയും ചെയ്യും.

———

എല്ലാവിധ ഇരുമ്പുകമ്പികൾ, ഹാർഡ്‌വെയറുകൾ, സാനിററി വെയറുകൾ, പെയിൻറ്, പ്ലൈവുഡ് ബോർഡുകൾ തുടങ്ങിയവ മിതമായ നിരക്കിൽ ലഭിയ്ക്കുന്നതിനു് സന്ദർശിയ്ക്കുക:

**അരവിന്ദ്**
**സെയിൽസ് കോർപ്പറേഷൻ**
കുളപ്പുള്ളി — ഷൊറണ്ണൂർ-2
ഫോൺ: 179

ഞങ്ങളുടെ വിനീതമായ ഓണാശംസകൾ

**കവളപ്പാറ സർവ്വീസ്**
**കോ-ഓപ്പറേററീവ് ബാങ്ക്**
(ലിമിററഡ്) എഫ് 1640
H. O. കവളപ്പാറ Br. ഷൊർണ്ണൂർ-2

എം. കൃഷ്ണൻ നമ്പൂതിരി
(പ്രസിഡണ്ട്)

Phone: 8292

**THE FEROKE SERVICE CO-OPERATIVE BANK LTD.**
Cheruvannur, P. O. FEROKE

*Our rate of interest on Fixed deposit for periods from:*
6 Months to 60 Months
8% to 12%
Current a/c. 2% Savings 6%
Recurring deposit at special rate ■ Conducting monthly and daily chits ■ All banking business transacted.
*For details contact the Secretary*

**VARIETY**
**PHARMACEUTICALS**
(PHARMACEUTICAL MANUFACTURERS)
**SHORANUR - 679 122**

Phone: Office: 107
Resi. : 176

*We Manufacture complete range of Pharmacopeial*
TABLETS, LINIMENTS, EMULSIONS, OINTMENTS Etc.

■

*Our Specialities:*
VARCETOL : A Safe Analgesic & Antipyretic
VABIZ : A powerful Scabicide
ASTHMYLINE : A Potent Anti-asthmatic Tablet

Digitized by Kerala Sahitya Akademi